(സി) സർക്കാരുമായിട്ടാലോചിക്കാതെ വനിതാ പോലീസിന്റെ പുതിയ റാങ്ക് ലിസ്റ്റ് ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പി.എസ്.സി.-യ്ക്കു കഴിയുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. ആസ്ഥാനത്ത് സമരം ചെയ്ത ഉദ്യോഗാർത്ഥികളെ പി.എസ്.സി. പരീക്ഷകളിൽനിന്നും ഡീബാർ ചെയ്ത സംഭവം

76 [2564] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് കോൺസ്റ്റബിൾ നിയമനത്തിന് വേണ്ടി പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പി.എസ്.സി. ആസ്ഥാനത്ത് സമരം ചെയ്തു വന്നിരുന്ന ഉദ്യോഗാർത്ഥികളെ ഇനിയുള്ള പി.എസ്.സി. പരീക്ഷയിൽനിന്നും ഡീബാർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഉദ്യോഗാർത്ഥികൾക്കെതിരെയുള്ള പി.എസ്.സി.-യുടെ നടപടിക്കെതിരെ എന്ത് നടപടി കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഡീബാർ ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഭാവിയിൽ പി.എസ്.സി. പരീക്ഷ എഴുതുന്നതിനുള്ള അനുവാദം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

പോലീസ് സബ് ഇൻസ്പെക്ടർ നിയമനം

77 [2565] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സബ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്) തസ്തികയിൽ എത്രപേരെ പി.എസ്.സി. മുഖേന നിയമിച്ചു;

(ബി) എത്രപേർക്ക് പ്രസ്തുത തസ്തികയിലേക്ക് പ്രമോഷൻ നൽകി;

(സി) നേരിട്ട് പി.എസ്.സി. മുഖേന സബ് ഇൻസ്പെക്ടർമാരെ തിരഞ്ഞെടുക്കുമ്പോൾ വകുപ്പിലുള്ളവർക്ക് പ്രമോഷൻ നൽകുന്നതിന്റെ മാനദണ്ഡം, ശതമാനം എന്നിവ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വകുപ്പിലുള്ളവർക്ക് അർഹതപ്പെട്ട ശതമാനമനുസരിച്ച് പ്രമോഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) 528 പേരെ

(ബി) 691 പേർക്ക്

(സി) വകുപ്പിലുള്ളവർക്ക് പ്രൊമോഷൻ വഴി സബ് ഇൻസ്പെക്ടർ ആയി നിയമിക്കുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾ നിലവിലുണ്ട്. കുറഞ്ഞ പൊതു വിദ്യാഭ്യാസയോഗ്യതയായി എസ്.എസ്.എൽ.സി-യും, ഏഴ് വർഷം സർവീസും, ഹെഡ്കോൺസ്റ്റബിൾ ആയി രണ്ട് വർഷം സർവ്വീസും ഉണ്ടായിരിക്കണം. കൂടാതെ ടി യോഗ്യതയുള്ളവർ സീനിയോരിറ്റിയുടേയും മെരിറ്റിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുകയും വേണം. നേരിട്ട് പി.എസ്.സി. മുഖേന സബ് ഇൻസ്പെക്ടർമാരെ തിരഞ്ഞെടുക്കുമ്പോൾ വകുപ്പിലുള്ളവർക്ക് 1 :1 എന്ന അനുപാതമാണ് നിലവിലുള്ളത്.

ഡി) എസ്.ഐ. തസ്തികയിലേക്ക് പ്രമേഷൻ നൽകുന്നത് മേഖലാ അടിസ്ഥാനത്തിലാണ്. നേരിട്ട് നിയമിക്കുന്ന എസ്.ഐ.മാരുടെ കുറവ് കാരണം വകുപ്പിലുള്ള കൂടുതൽ പേർക്ക് എസ്.ഐ. തസ്തികയിലേക്ക് താൽക്കാലികമായി പ്രമോഷൻ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

എം.എസ്.പി. കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനം

78 [2566] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സ്പെഷ്യൽ പൊലീസിലേക്ക് കോൺസ്റ്റബിൾമാരെ തെരഞ്ഞെടുക്കുന്നതിനുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേർക്ക് നിയമനം നൽകി എന്ന് കാറ്റഗറി തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) എൻ.ജെ.ഡി. ഒഴിവുകൾ എത്രയുണ്ടെന്നു വ്യക്തമാക്കുമോ;

(സി) എൻ.ജെ.ഡി.-യും നിലവിലുള്ള ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിനും പരമാവധി ആളുകൾക്ക് നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എം.എസ്.പി.-യിലേക്ക് 890 പേരെ വിവിധ ഘട്ടങ്ങളിലായി അഡ്വൈസ് ചെയ്തിട്ടുണ്ട്. അതിൽ 223 പേർക്ക് പരിശീലനം പൂർത്തിയാക്കി നിയമനം നൽകിയിട്ടുണ്ട്. 153 പേർ ഇപ്പോൾ പരിശീലനത്തിന്റെ അവസാന ഘട്ടത്തിലാണ്. 310 പേർക്ക് 26-6-2004 മുതൽ പരിശീലനത്തിനായി പ്രവേശനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly